"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ജീവനക്കാര്യം - ശ്രീ.എസ്.ഷെമീർ (സീനിയർ ക്ലാർക്ക്, കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം)-ന്റെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ അസിസ്റ്റന്റ് തസ്തികയിലെ അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1535/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 19/08/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013 നമ്പർ സർക്കുലർ

2 സ.ഉ.(പി) നം. 580/2013/ധന തീയതി 28/11/2013

3 സ.ഉ.(സാധാ) നം.1921/2017/തസ്വഭവ തീയതി 09/06/2017

4 സ.ഉ.(സാധാ) നം.2309/2018/തസ്വഭവ തീയതി 23/08/2018

5 സ.ഉ.(സാധാ) നം.2303/2019/തസ്വഭവ തീയതി 20/10/2019

6 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറിയുടെ 30.06.2020ലെ എ1/1809/2017/ഒ.ബി.ഡി.എൻ നമ്പർ കത്ത്.

7 പഞ്ചായത്ത് ഡയറക്ടറുടെ 20/06/2020 ലെ പി.എ.എൻ/8099/2020-ഇ4(ഡി.പി.) നം കത്ത്

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ പരാമർശം (3) പ്രകാരം കണ്ണൂർ പഞ്ചായത്ത് ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. എസ്. ഷെമീറിനെ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പിന്നീട് പരാമർശം (4) (5) എന്നിവ പ്രകാരം ടിയാന്റെ അന്യത്രസേവനകാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. ടിയാന്റെ അന്യത്രസേവന കാലാവധി 03.07.2020-ന് അവസാനിച്ച സാഹചര്യത്തിൽ ടി സേവനകാലം 04.07.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം 4 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.എസ്.ഷെമീറിന്റെ(സീനിയർ ക്ലാർക്ക്, കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ അസിസ്റ്റന്റ് തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾ ഭാഗം I റൂൾ (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 04.07.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം

ശ്രീ. എസ്. ഷെമീർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ മുഖേന)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ